# മഹാത്മാ ഗാന്ധി സർവ്വകലാശാല


പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 17**

---

## കോഴ്സ് മെന്റർ കരാർ നിയമനം

*മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ (സി.ഡി.ഒ.ഇ) നടത്തുന്ന ഓൺലൈൻ ബിബിഎ പ്രോഗ്രാമിന്റെ കോഴ്സ് മെന്റർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഓപ്പൺ വിഭാഗത്തിൽ ഒരു ഒഴിവാണ് ഉള്ളത്.*

*ഒരുവർഷത്തേക്കാണ് നിയമനം. 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡി യോഗ്യതയുമുള്ളവരെയാണ് പരിഗണിക്കുന്നത്.*

*2026 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. പ്രതിമാസ വേതനം 40000 രൂപ.*

*അപേക്ഷയും അനുബന്ധ രേഖകളും വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷ* recruitmentada7@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ* www.mgu.ac.in.

*(പി.ആർ.ഓ/39/141/2026)*

## എംജിയിൽ ഡിജിറ്റൽ ലാൻഡ് സർവ്വേ, റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ് കോഴ്സുകൾ

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ.ആർ.സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവ്വേ (കാലാവധി 3 മാസം), റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ് (കാലാവധി 6 മാസം) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 100% പ്ലേസ്മെന്റ് ഉറപ്പുനൽകുന്ന കോഴ്സുകളിലേക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക (*https://ses.mgu.ac.in) *ഫോൺ: 8943906256, 8590282951*

*(പി.ആർ.ഓ/39/142/2026)*

## വാക്-ഇൻ-ഇൻറർവ്യൂ

*മഹാത്മാഗാന്ധി സർവകലാശാലയിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ നിയമനത്തിനുള്ള വാക്ക്-ഇൻ-ഇൻറർവ്യൂ ഫെബ്രുവരി 20ന് ഉച്ചയക്ക് 12 മണിക്ക് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.* (www.mgu.ac.in) *ഫോൺ-0481-2733541*

*(പി.ആർ.ഓ/39/143/2026)*

## കലാപ്രതിഭകളെ ആദരിച്ചു

*39 -ാമത് സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ മികച്ചപ്രകടനം കാഴ്ചവച്ച മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കലാപ്രതിഭകളെ എംജി യൂണിവേഴ്സിറ്റി യൂണിയൻ 2024-25 ആദരിച്ചു. യോഗം വൈസ് ചാൻസലർ പ്രൊഫ.ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, ഡോ.എ.എസ്.സുമേഷ്, ശ്രീ.പി. ഹരികൃഷ്ണൻ, ശ്രീ.അരുൺ കെ. ശശീന്ദ്രൻ  തുടങ്ങിയർ സന്നിഹിതരായിരുന്നു.*

*(പി.ആർ.ഓ/39/144/2026)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എംഎസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (പിജിസിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/145/2026)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) ഡിസംബർ 2025 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ  മാർച്ച് രണ്ട്, അഞ്ച് തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

.............................

*മൂന്നാം സെമസ്റ്റർ ബി.വോക് അക്കൗണ്ടിംഗ് ആൻഡ് ടാക്സേഷൻ  (പുതിയ*

*സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20ന് ആലുവ സെൻറ് സേവിയേഴ്സ് കോളജ് ഫോർ വിമനിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............................

*ഒന്നാം സെമസ്റ്റർ ബിഎസ്.സി ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ 3 (സിബിസിഎസ് പുതിയ സ്കീം- 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നവംബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20ന് മാറമ്പള്ളി എം.ഇ.എസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഓ/39/146/2026)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിഎ എക്കണോമിക്സ് (സിബിസിഎസ്എസ്) (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഓഗസ്റ്റ് 2025ന്റെ പ്രൊജക്റ്റ് വൈവ പരീക്ഷകൾ ഫെബ്രുവരി 23ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/147/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ